**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. അശോക് കുമാർ. പി.ജി യ്ക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ(സാധാ)നമ്പർ. 3347/2017/തസ്വഭവ തിരുവനന്തപുരം, തീയതി. 21/10/2017

---

പരാമർശം: 1) ശ്രീ. അശോക് കുമാർ.പി.ജി യുടെ 03.08.2017 ലെ ശൂന്യവേതനാവധിയപേക്ഷ.

2) പഞ്ചായത്ത് ഡയറക്ടറുടെ 19.09.2017 ലെ ഇ 6-31251/17 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ. അശോക് കുമാർ. പി.ജി യ്ക്ക് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ കേരള ലോ അക്കാഡമി ലോ കോളേജിൽ ത്രിവത്സര നിയമ ബിരുദം പൂർത്തിയാക്കുന്നതിലേക്കായി ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അവധിയപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീ. അശോക് കുമാർ. പി.ജി, 17.07.2014 ൽ ക്ളാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. ടിയാൾക്ക് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ കേരള ലോ അക്കാഡമി ലോ കോളേജിൽ ത്രിവത്സര നിയമ ബിരുദം പൂർത്തിയാക്കുന്നതിലേക്കായി 25.08.2017 മുതൽ 3 വർഷത്തേക്ക് കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയ്ക്കായാണ് അപേക്ഷിച്ചിട്ടുള്ളത്. കേരള യൂണിവേഴ്സിറ്റി നൽകിയിട്ടുള്ള Allotment Memo ഹാജരാക്കിയിട്ടുണ്ട്. ശ്രീ. അശോക് കുമാർ. പി.ജി സേവനത്തിൽ പ്രവേശിച്ചിട്ട് 3 വർഷക്കാലയളവ് പൂർത്തീകരിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിലെ ക്ളാർക്ക് ശ്രീ.അശോക് കുമാർ. പി.ജി യ്ക്ക് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ കേരള ലോ അക്കാഡമി ലോ കോളേജിൽ ത്രിവത്സര നിയമ ബിരുദം പൂർത്തിയാക്കുന്നതിലേക്ക് അവധിയിൽ പ്രവേശിക്കുന്ന

തീയതി മുതൽ 19.09.2020 വരെ കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനുള്ളിൽ കോഴ്സ് കാലാവധി വ്യക്തമാക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ശൂന്യവേതനാവധി അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് സ്വമേധയാ റദ്ദാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം. (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
സെക്രട്ടറി, വാകത്താനം ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീ. അശോക് കുമാർ. പി.ജി, ക്ളാർക്ക്, വാകത്താനം ഗ്രാമപഞ്ചായത്ത്, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പിന് (12.10.2017 ലെ RULES-B2/245/2017-FIN നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ-ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
വെബ് ആൻഡ് ന്യൂ മീഡിയ(I&PRD)
ആഫീസ് പകർപ്പ് / കരുതൽ ഫയൽ( ഇപിഎ 1/274/17/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ